# പട്ടിക ജാതി വിഭാഗത്തിൽപ്പെട്ടവർക്കായി കെ.ടി.ഡി.സി. നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ ഹോസ്പിറ്റാലിറ്റി കോഴ്സുകൾ ഉടൻ തുടങ്ങുന്നു

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കായി കെ.ടി.ഡി.സി. പ്രൊഫഷണൽ കുക്കറി (കുക്ക്), ഫുഡ്ആന്റ് ബിവറേജ് സർവ്വീസ് (വെയ്റ്റർ), ഹൗസ്കീപ്പിംഗ് യൂട്ടിലിറ്റി (ഹൗസ്കീപ്പർ) എന്നീ മൂന്ന് കോഴ്സുകൾ ആരംഭിക്കുന്നു. 2 മാസം പഠനക്ലാസും 2 മാസം പ്രായോഗികമായ പരിശീലനവും നൽകുന്നതാണ് കോഴ്സിന്റെ രീതി. ഓരോ കോഴ്സിനും 70 സീറ്റുകൾ മാത്രമാണുള്ളത്. ഈ കോഴ്സുകൾ തികച്ചും സൗജന്യമാണ്. ഈ പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നവർക്ക് താമസവും ഭക്ഷണവും യൂണിഫോമും സൗജന്യമായിരിക്കും. കോഴ്സ് കാലാവധി കഴിയുമ്പോൾ സ്കിൽ ടെസ്റ്റ് നടത്തുന്നതാണ്. ഹാജർ നില 90% ഉള്ളവർമാത്രമേ ഈ പരിശീലനാനന്തര പരീക്ഷയിൽ പങ്കെടുക്കുവാൻ യോഗ്യത നേടുകയുള്ളു. സ്കിൽ ടെസ്റ്റ് പാസ്സാകുന്നവർക്ക് സ്റ്റൈപ്പന്റ് നൽകുന്നതാണ്. ഈ കോഴ്സുകൾ വിജയകരമായി പൂർത്തിയാക്കുന്നവർക്ക് ഗൾഫ് രാജ്യത്തുള്ള ഒരു വിദേശ കമ്പനിയിൽ തൊഴിൽ ഉറപ്പാക്കുന്നതാണ്. ആദ്യം ലഭിക്കുന്ന 70 അപേക്ഷകരെയാണ് ഈ ബാച്ചിലേയ്ക്ക് പരിഗണിക്കുന്നത്. ഒരാൾക്ക് ഒരു കോഴ്സിലേയ്ക്ക് മാത്രമേ അപേക്ഷിക്കുവാൻ പ ാടുള്ളു.

അടിസ്ഥാന യോഗ്യത 10-ാം ക്ലാസ്സ് പാസ്സായതും 18നും 22നും മദ്ധ്യേ പ്രായമുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ഈ കോഴ്സിന് അപേക്ഷിക്കാവുന്നതാണ്. നിശ്ചിത അപേക്ഷാഫോറം കെ. ടി. ഡി. സി. യുടെ ട്രെയിനിംഗ് മാനേജരുടെ ഓഫീസിൽ നിന്നും (ഫോൺ - 0471 - 2721243 /45 / 48) www.ktdc.com എന്ന വെബ്സൈറ്റിലും ലഭ്യമാണ്.

**അപേക്ഷിക്കേണ്ട വിധവും അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകളും**

1. അപേക്ഷകൾ നിശ്ചിത അപേക്ഷാഫാറത്തിൽ പൂരിപ്പിച്ചു നൽകേണ്ടതാണ്.
2. അപേക്ഷാ ഫാറത്തിനോടൊപ്പം നൽകേണ്ട സർട്ടിഫിക്കറ്റുകൾ :

   I. വിദ്യാഭ്യാസ യോഗ്യതകൾ തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ രണ്ടു കോപ്പി വീതം
   II. ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡിന്റെ രണ്ടു കോപ്പി. (തിരിച്ചറിയൽ കാർഡ് എന്നാൽ ഡ്രൈവിംഗ് ലൈസൻസ്/ ആധാർ/പാസ്സ് പോർട്ട്/പാൻ കാർഡ്/വോട്ടർ ഐഡി)
   III. ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് (രണ്ടു കോപ്പി)
   IV. രണ്ട് പാസ്സ്പോർട്ട് സൈസ് ഫോട്ടോഗ്രാഫ്.
   V. ഒരു രജിസ്റ്റേർഡ് അലോപ്പതി ഡോക്ടറുടെ ത്വക്ക് രോഗമോ മറ്റു പകർച്ച വ്യാധികളോ ഇല്ല എന്നു തെളിയിക്കുന്ന സർട്ടിഫിക്കറ്റ് (ഒറിജിനലും ഒരു കോപ്പിയും)
   VI. അപേക്ഷകന്റെ വസതി ഉൾപ്പെട്ട പോലീസ് സ്റ്റേഷൻ പരിധിയിൽ നിന്നും പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ്. (ഒറിജിനലും ഒരു കോപ്പിയും).

അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി **20** മാർച്ച് **2016.**
കോഴ്സുകൾ **04** ഏപ്രിൽ **2016** മുതൽ ആരംഭിക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് :

ട്രെയിനിംഗ് ഡിവിഷൻ
കേരളാ ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്
മാസ്കറ്റ് സ്ക്വയർ, വികാസ് ഭവൻ പോസ്റ്റ്
തിരുവനന്തപ ുരം - 695 033
ഫോൺ - 0471 - 2721243 /45 / 48
വെബ്സൈറ്റ്: www.ktdc.com